(ബി) സുപ്രധാന വിജിലൻസ് കേസ്സുകൾ അന്വേഷിക്കുന്ന പ്രസ്തുത യൂണിറ്റിൽ അഴിമതി കേസുകൾ അട്ടിമറിക്കുന്നതിന് കൂട്ടുനിന്നുവെന്ന് ആരോപിതനായ ഉദ്യോഗസ്ഥനെ നിയമിച്ചത് എന്തടിസ്ഥാനത്തിലാണ്;

(സി) ഇദ്ദേഹത്തെ വിജിലൻസിൽ നിന്നും മാറ്റണമെന്ന് ആവശ്യപ്പെട്ട് വിജിലൻസ് ഡയറക്ടർ കത്ത് നൽകിയിരുന്നോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രീ. ബി. അശോകൻ, ഐ.പി.എസ്.-നെ 6-6-2017 തീയതിയിലെ ജി.ഒ. (ആർ.ടി.) നമ്പർ 3558/2017/ജി.എ.ഡി. ഉത്തരവ് പ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1-ൽ പോലീസ് സൂപ്രണ്ടായി നിയമിച്ചിരുന്നു. ശ്രീ. അശോകനെതിരെ ഒരു അച്ചടക്കനടപടിയും നിലവിലില്ല.

(ബി&സി) 31-7-2017 തീയതിയിലെ ജി.ഒ.(ആർ.ടി.) 4850/2017/ ജി.എ.ഡി. നമ്പർ ഉത്തരവുപ്രകാരം ശ്രീ. ബി. അശോകൻ, ഐ.പി.എസ്.-നെ കൊല്ലം റൂറൽ പോലീസ് സൂപ്രണ്ടായി മാറ്റി നിയമിച്ചിട്ടുണ്ട്. ടിയാനെ മാറ്റുന്നതിനായി വിജിലൻസ് ഡയറക്ടർ കത്ത് നൽകിയിരുന്നില്ല.

**സംസ്ഥാനത്തെ വിജിലൻസ് കോടതികൾ**

156 (T*1811) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ കേരളത്തിൽ എത്ര വിജിലൻസ് കോടതികൾ ഉണ്ട് ; ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) അവയിൽ ഓരോ കോടതികളിലും നിലവിൽ എത്ര ഉദ്യോഗസ്ഥർ വീതമുണ്ടെന്ന് തസ്തിക തിരിച്ച് വിശദമാക്കാമോ;

(സി) നിലവിലുള്ള വിജിലൻസ് കോടതികൾ സംസ്ഥാനത്തെ വിജിലൻസ് കേസ്സുകൾ തീർക്കാൻ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ ;

(ഡി) പുതിയ വിജിലൻസ് കോടതികൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

---

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലവിൽ കേരളത്തിൽ 6 വിജിലൻസ് കോടതികൾ പ്രവർത്തിച്ചു വരുന്നു. തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരത്തും, കോട്ടയം ജില്ലയിൽ കോട്ടയത്തും, എറണാകുളം ജില്ലയിൽ മൂവാറ്റുപുഴയിലും, തൃശ്ശൂർ ജില്ലയിൽ തൃശ്ശൂരും, കോഴിക്കോട് ജില്ലയിൽ കോഴിക്കോടും, കണ്ണൂർ ജില്ലയിൽ തലശ്ശേരിയിലുമാണ് പ്രസ്തുത കോടതികൾ.

(ബി) എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് കോടതികൾ

| തസ്തിക | തിരുവനന്തപുരം | കോട്ടയം | തൃശ്ശൂർ | മൂവാറ്റുപുഴ | തലശ്ശേരി | കോഴിക്കോട് |
|---|---|---|---|---|---|---|
| ഇ.സി. & എസ്.ജെ. | 1 | 1 | 1 | 1 | 1 | 1 |
| മാനേജർ | 1 | 1 | 1 | 1 | 1 | 1 |
| അസിസ്റ്റന്റ് | 5 | 3 | 3 | 3 | 3 | 3 |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് | 3 | 2 | 2 | 2 | 2 | 2 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 | 1 | 1 | 1 | 1 | 1 |
| ഡഫേദാർ | 1 | 1 | 1 | 1 | 1 | 1 |
| ഡ്രൈവർ | 0 | 1 | 1 | 1 | 1 | 1 |
| സ്വീപ്പർ കം വാച്ച്മാൻ | 1 | 1 | 1 | 1 | 0 | 1 |
| ഓഫീസ് അറ്റൻഡന്റ് | 0 | 2 | 2 | 1 | 2 | 5 |
| ആകെ | 13 | 13 | 13 | 12 | 12 | 16 |

(സി) കരുതുന്നില്ല.

(ഡി) ശിപാർശകളൊന്നും നിലവിലില്ല.